**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 596** **13-01-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണ രംഗത്തെ സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്ര നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>പ്രൊഫ . കെ. യു. അരുണൻ,<br>ശ്രീ . എം . മുകേഷ് ,<br>ശ്രീ യു. ആർ. പ്രദീപ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | വൈദ്യുതി വിതരണരംഗം സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെ എന്തെല്ലാം ശക്തമായ നിലപാടുകളാണ് സംസ്ഥാനസർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിയമങ്ങൾ ഏതൊക്കെ വിധത്തിൽ വൈദ്യുതിമേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കും എന്ന് കെ.എസ്.ഇ.ബിയും സംസ്ഥാന സർക്കാരും കേന്ദ്ര-സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന വൈദ്യുതിവിതരണ ലൈസൻസികളുടെ സ്വകാര്യ വത്കരണം സുഗമമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്ന് കാണാം. കേരളം വൈദ്യുതിവിതരണ മേഖലയുടെ സ്വകാര്യവത്കരണം പ്രോത്സാഹി പ്പിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയതോടൊപ്പം പ്രസ്തുത കരടുരേഖയിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും വൈദ്യുതി മേഖലയുടെ പ്രതിസന്ധിയുടെ കാരണം, വൈദ്യുതി വിതരണം പൊതുമേഖലയിൽ തുടരുന്നതാണ് എന്ന തെറ്റായ മുൻധാരണയിൽ തയ്യാറാക്കിയിട്ടുള്ളതാണ് എന്നും പൊതു മേഖലയിൽ തുടരുന്ന കെ.എസ്.ഇ.ബി ഇന്ന് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വൈദ്യുതികമ്പനിയാണ് എന്നും കാര്യകാരണസഹിതം വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | അന്തർസംസ്ഥാന പ്രസരണലൈനുകൾക്കുള്ള ചാർജ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്ന് ഈടാക്കി സ്വകാര്യകമ്പനികളെ സഹായിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം | (ബി) | അന്തർ സംസ്ഥാന പ്രസരണ ലൈനുകൾക്കുള്ള ചാർജ്ജ് നിശ്ചയിക്കുന്നത് കേന്ദ്രവൈദ്യുത റെഗുലേറ്ററി കമ്മീഷനാണ്. കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നാഷണൽ ഇലക്ട്രിസിറ്റി |

| | | | |
|---|---|---|---|
| | തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | പോളിസിയും (NEP) Tariff Policy-യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചായി രിക്കണം പ്രസരണ ചാർജ്ജ് നിഷ്കർഷിക്കേണ്ടത്. ടി മാനദണ്ഡങ്ങളനുസരിച്ച് പ്രസരണ ലൈനുകളുടെ ഉപയോഗത്തിനനുസരിച്ചാ യിരിക്കണം പ്രസരണ ലൈനുകളുടെ ചാർജജ് നൽകേണ്ടത്. 2010 –ൽ ഇറക്കിയ കേന്ദ്രവൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ റെഗുലേഷൻ ഇത് അനുസരിച്ചായിരുന്നു. ഈ റെഗുലേഷനായിരുന്നു നാളിതുവരെ തുടർന്ന് പോയത്. എന്നാൽ 4-5-2020ൽ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുതിയ റെഗുലേഷൻ പുറപ്പെടുവിക്കുകയുണ്ടായി. NEP-യിലും Tariff Policy-യിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചല്ല പുതിയ റെഗുലേഷൻ. പ്രസരണ ലൈനുകളുടെ ചാർജ്ജിന്റെ ഏകദേശം 80 ശതമാനം ലൈനുകളുടെ ഉപയോഗത്തിനുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഉപയോഗം നോക്കാതെ രാജ്യത്തെ എല്ലാ യൂട്ടിലിറ്റികളിൽ നിന്നും ഈടാക്കുന്ന തരത്തിലാണ് പുതിയ റെഗുലേഷൻ. നമ്മുടെ രാജ്യത്തിലെ കപ്പാസിറ്റിയുടെ ഹൈകപ്പാസിറ്റി പ്രസരണ ലൈനുകളുടെ 56.8 ശതമാനം ഉപയോഗിക്കാതെ കിടക്കുകയാണ്. ഇങ്ങനെ പൂർണ്ണ ഉപയോഗമില്ലാത്തത് ആയിട്ടുള്ള പ്രസരണ ലൈനുകളുടെയും ചാർജ്ജ് പുതിയ റെഗുലേഷനനുസരിച്ച് എല്ലാ യൂട്ടിലിറ്റികളും വഹിക്കേണ്ടതായിട്ടുണ്ട്. ഇത് കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് വലിയ പ്രസരണചാർജ്ജ് വർദ്ധനയ്ക്കിടയാക്കും. ടി റെഗുലേഷനെതിരെ സംസ്ഥാന വൈദ്യുതി ബോർഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോട തിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് തള്ളുകയുണ്ടായി. ഇതിനെതിരെ അപ്പീൽ നൽകാൻ സംസ്ഥാന വൈദ്യുതി ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. |
| (സി) | കേന്ദ്രസർക്കാരിന്റെ ഈ നടപടി വൈദ്യുതി ഉപഭോക്താക്കളെ എപ്രകാരമാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കേന്ദ്രസർക്കാരിന്റെ ഈ നടപടി വൈദ്യുതി ഉപഭോക്താക്കളുടെ ചാർജ്ജ് വർദ്ധനയ്ക്ക് ഇടയാക്കും. ഇപ്പോൾ പ്രസരണ ലൈനുകൾക്ക് നൽകുന്ന ചാർജ്ജിന്റെ ഏകദേശം 50% മുതൽ 80% വർദ്ധനയാണ് പുതിയ റെഗുലേഷൻ മൂലമുണ്ടാകുന്നത്. ഈ വർദ്ധനവ് സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിക്കു മെന്നതിനാൽ സംസ്ഥാനത്തെ വൈദ്യുതി നിരക്കിലും വർദ്ധവുണ്ടാകും. |

സെക്ഷൻ ഓഫീസർ